പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.56 — 06.01.2014 ലെ മറുപടിക്ക്

## വാണിജ്യ ബാങ്കുകളുടെ എ.ടി.എം കൗണ്ടറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) 150 വർഷത്തിലേറെ പഴക്കമുള്ളതും സംരക്ഷിത നിർമ്മിതിയുമായ സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പൂമുഖങ്ങളിൽ വാണിജ്യ ബാങ്കുകളുടെ എ.ടി.എം, അക്ഷയ കിയോസ്ക് തുടങ്ങിയവ സ്ഥാപിച്ച് അത്തരം ബാങ്കുകൾ ഉൾപ്പെടെയുള്ളവയുടെ പരസ്യ പ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് അക്കൗണ്ടിൽ വരുന്ന ശമ്പളം പിൻവലിക്കുന്നതിനായും സന്ദർശകർക്ക് അത്യാവശ്യത്തിന് പണം എടുക്കുന്നതിനായുമാണ് എ.ടി.എം. കൗണ്ടറുകൾ സ്ഥാപിച്ചിരിക്കുന്നത്. ജീവനക്കാർക്കും സന്ദർശകർക്കും വിവിധ സേവനങ്ങൾ നല്കുന്നതിനായാണ് അക്ഷയ e കേന്ദ്രം (കോമൺ സർവ്വീസ് സെന്റർ) അനുവദിച്ചിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പരസ്യ പ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പൂമുഖങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വാണിജ്യ ബാങ്കുകളുടെ എ.ടി.എം കൗണ്ടറുകൾ സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പിൻവശത്ത് സൗകര്യപ്രദമായ സ്ഥാനങ്ങളിൽ മാറ്റി സ്ഥാപിക്കുവാനാവശ്യമായ നിർദ്ദേശം നൽകുമോ ? | (ബി) നിലവിൽ സ്ഥാപിച്ചിട്ടുള്ള എ.ടി.എം. കൗണ്ടറുകൾ സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പിൻവശത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദേശങ്ങളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ